മലയാള മനോരമ

ESTABLISHED 1888

20 May 2017

# കേരളത്തിൽ മൊത്തം മീൻ ലഭ്യത കൂടി
# എന്നിട്ടും, നമ്മുടെ അയലേം മത്തീം...




**സ്വന്തം ലേഖകൻ**

കൊച്ചി● മൽസ്യലഭ്യതയിൽ കേരളം രാജ്യത്ത് നാലാമത്. കഴിഞ്ഞ വർഷം ഇന്ത്യൻ തീരത്തുനിന്നു ലഭിച്ച മീനുകളുടെ കണക്കിൽ ഗുജറാത്തിനാണ് ഒന്നാം സ്ഥാനം. തെക്കൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക എന്നിവർക്കാണു രണ്ടും മൂന്നും സ്ഥാനങ്ങൾ. കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ ( സിഎംഎഫ്ആർഐ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക പഠന റിപ്പോർട്ടിലാണ് വിലയിരുത്തൽ.

- രാജ്യത്തുടനീളവും കേരളത്തിലും മത്തിയുടെ ലഭ്യതയിൽ വൻ ഇടിവ്. കേരളത്തിൽമാത്രം മുൻ വർഷത്തേക്കാൾ 32.8 % മത്തി കുറഞ്ഞു. 2012 വരെ 3.9 ലക്ഷം ടൺ മത്തി കേരള തീരത്തുനിന്നു ലഭിച്ചിരുന്നു. അന്ന് കേരളമായിരുന്നു മൽസ്യലഭ്യതയിൽ മുന്നിൽ. അമിത മൽസ്യ ബന്ധനവും വൻതോതിൽ ചെറുമീനുകളെ പിടിച്ചതുമാണു കാരണമെന്നാണു വിലയിരുത്തൽ.

**2015ൽ ലഭിച്ചത്: 68,431 ടൺ**
**2016 ൽ ലഭിച്ചത്: 45,958 ടൺ**

- അയലയുടെ ലഭ്യതയിൽ 33% കുറവ്. കേരള തീരത്തുനിന്നു ലഭിച്ചത് 47,253 ടൺ. എന്നാൽ, രാജ്യത്ത് പൊതുവേ സുലഭമായി ലഭിച്ചത് അയല; 2.49 ലക്ഷം ടൺ. കഴിഞ്ഞ വർഷം പുതുതായി കണ്ടെത്തിയ പുള്ളി അയല ലഭിച്ചത് കേരള തീരത്തു നിന്നുമാത്രം. ആയിരം ടൺ പുള്ളി അയലയാണ് കേരളത്തിൽനിന്നു ലഭിച്ചത്.
- ആകെ മൽസ്യലഭ്യതയിൽ മുൻ വർഷത്തേക്കാൾ കേരളത്തിൽ എട്ടു ശതമാനം വർധന. തിരിയാൻ മീനാണു കൂടുതൽ ലഭിച്ചത്.

**2015ൽ മൊത്ത മൽസ്യലഭ്യത ▶ 4.82 ലക്ഷം ടൺ**

**2016ൽ മൊത്ത മൽസ്യലഭ്യത ▶ 5.23 ലക്ഷം ടൺ**

- രാജ്യത്തെ മൊത്തം സമുദ്ര മൽസ്യ ലഭ്യത: 3.63 ദശലക്ഷം ടൺ.
- വരുമാനത്തിൽ മുൻ വർഷത്തെക്കാൾ 12.1% വർധന.

44,943 കോടി രൂപയാണു രാജ്യത്തെ മൊത്തം മീൻപിടിത്ത കേന്ദ്രങ്ങളിൽനിന്നു ലഭിച്ചത്. ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ 70,596 കോടിയാണു മൊത്തം വിറ്റഴിച്ചത്.

സിഎംഎഫ് ആർഐ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗം മേധാവി ഡോ. ടി.വി. സത്യാനന്ദൻ റിപ്പോർട്ട് വിശദീകരിച്ചു. ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി.മഹേശ്വരുഡു, ഡോ. പ്രതിഭാ രോഹിത്, ഡോ. പി.യു.സക്കറിയ എന്നിവർ പങ്കെടുത്തു.